**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5520** **24.05.2017-ൽ മറുപടിക്ക്**

## കോഴിക്കോട് ജില്ലയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രാവർത്തികമായിട്ടുള്ള വിദ്യാലയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കോഴിക്കോട് ജില്ലയിൽ നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രാവർത്തികമായിട്ടുള്ള വിദ്യാലയങ്ങൾ ഏതെല്ലാം; | (എ) കോഴിക്കോട് ജില്ലയിൽ 66 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.) |
| (ബി) ഈ വർഷം പുതിയതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; | (ബി) ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പുതിയ അദ്ധ്യയന വർഷം 100 സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ നിന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട് എന്നത് വിശദമാക്കാമോ; ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (സി) കോഴിക്കോട് ജില്ലയിൽ നിന്നും പുതുതായി എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ലഭിച്ച സ്കൂളുകളുടെ പട്ടിക ഇതോടൊപ്പം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. ടി അപേക്ഷകൾ പരിശോധിച്ചു വരുന്നു. എസ്.പി.സി-യുടെ സംസ്ഥാനതല ഉപദേശകസമിതിയാണ് അപേക്ഷകൾ പരിശോധിച്ച് എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കേണ്ട സ്കൂളുകൾ തീരുമാനിക്കുന്നത്. |
| (ഡി) സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ/മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ? | (ഡി) സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇതോടൊപ്പം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| Sl No. | Dist. | Name of School | Type of School |
|---|---|---|---|
| 1 | KOZHIKODE CITY (27) | Zamorins HSS, Tnali- Kozhikode | Aided |
| 2 | | BEM Girls HSS, Kozhikode | Aided |
| 3 | | GVHSS, Meenchanda | Govt. |
| 4 | | St.Joseph's Boys HSS , Kozhikode | Aided |
| 5 | | Govt. Model HS, Kozhikode | Govt. |
| 6 | | Madrassathil Muhammadiya VHSS, Parappil, Kozhikode | Aided |
| 7 | | GHSS, Iringallur | Govt. |
| 8 | | Govt. Ganapath VHSS, Feroke. | Govt. |
| 9 | | Savio HSS, Devagiri- Kozhikode | Aided |
| 10 | | Govt. VHSS for Girls, Nadakkavu | Govt. |
| 11 | | JDT Islam HSS Vellimadukunnu | Aided |
| 12 | | Kunnamangalam HSS, Kunnamangalam | Aided |
| 13 | | Markkaz English Medium High School, Karanthur | Un-Aided |
| 14 | | Govt. Ganapath Boys HSS Chalappuram | Govt. |
| 15 | | Govt HSS , Beypur | Govt. |
| 16 | | Govt HSS , Mavoor | Govt. |
| 17 | | Cheruvakkudi Mammu Memorial HSS, Thalakkulathur | Aided |
| 18 | | GHSS, Payambra | Govt. |
| 19 | | GHSS, Nayarkuzhi | Govt. |
| 20 | | Umbichi Haji Memorial HSS, Chaliyam | Aided |
| 21 | | PVS HSS Eranhikkal | Aided |
| 22 | | Providence Girls HSS Calicut | Aided |
| 23 | | Pantheerankavu HSS, Pantheerankavu | Aided |
| 24 | | Chakkalakkal HSS Madavoor, Padanilam | Aided |
| 25 | | Govt Fisheries HS Puthiyappa | Govt. |
| 26 | | Govt Technical HS Kozhikode | Govt. |
| 27 | | Govt VHSS payyanakkal | Govt. |
| 1 | KOZHIKODE RURAL (39) | Jawaharlal Nehru Memorial GHSS, Puduppanam,Vatakara | Govt. |
| 2 | | GHSS, Kallachi | Govt. |
| 3 | | GHSS, Naduvannur | Govt. |
| 4 | | Nanminda HSS, Nanminda | Aided |
| 5 | | St. Mary's HS, Koodathai | Aided |
| 6 | | GVHSS Payyoli | Govt. |
| 7 | | GVHSS Meppayur | Govt. |
| 8 | | GHSS, Velliyode | Govt. |
| 9 | | Govt. VHSS Thamarassery | Govt. |
| 10 | | National HSS, Vattoli | Aided |
| 11 | | Model Residential School, Ulliyeri | Govt. |
| 12 | | Vayalil Moyi Haji Memorial HSS, Anayamkunnu | Aided |
| 13 | | PookoyaThangal Memorial HSS, Kodiyathur | Aided |
| 14 | | St.Marys HS, Kallanod | Aided |
| 15 | | St. Thomas HSS, Thottumukkam | Aided |
| 16 | | GHSS, Azhiyur | Govt. |
| 17 | | Memunda HSS , Vatakara | Aided |

| | | |
|---|---|---|
| 18 | Vadakkumbad HSS, Paleri | Aided |
| 19 | HSS Nochat | Aided |
| 20 | St. Josephs HS, Chempanoda | Aided |
| 21 | Misbahul Islam Madrassa HSS, Perod | Aided |
| 22 | Muhammad Ali Jouhar HSS, Elettil-Koduvalli | Aided |
| 23 | HSS Poilkavu | Aided |
| 24 | EMJAY VHSS, Villyapally | Aided |
| 25 | Sacafathul Islam HSS, Ummathur | Aided |
| 26 | Velam HSS, Cherapuram | Aided |
| 27 | Govt VHSS , Koylandy | Govt |
| 28 | GHSS, Kaavilumpara | Govt |
| 29 | AJ John Memorial HS Kavilumpara | Aided |
| 30 | HSS Pavandoor | Aided |
| 31 | AKKR HS for Girls Chelannur | Aided |
| 32 | Govt HSS, Karuvanpoyil | Govt |
| 33 | RAC HSS, Katameri | Aided |
| 34 | St. Joseph HSS, Kotancheri | Aided |
| 35 | Palora HSS, Ulliyeri | Aided |
| 36 | Govt VHSS Atholi | Govt |
| 37 | Govt HSS Neeleswaram | Govt |
| 38 | Govt HSS Avala | Govt |
| 39 | Govt HSS Madappally | Govt |

അനുബന്ധം 2

| New School Applications | | |
|---|---|---|
| Sl No | District | Name of School |
| 1 | KOZHIKKODE CITY | Presentation HSS,Chevayur- Calicut |
| 2 | | Himayathul Islam HSS, Calicut |
| 3 | | CM HSS, Mannoor |
| 4 | | GHSS medical College Campus |
| 5 | | Govt Achutan Girls HS chalappuram |
| 6 | KOZHIKKODE RURAL | Santhiniketnan Secondary School, Thiruvallur |
| 7 | | St. Joseph HSS, Kodancheri |
| 8 | | Rahmaniya HS, Ayancheri |
| 9 | | Govt. HSS, Kuttiyadi |
| 10 | | Govt. Girls HSS, Koyilandi |
| 11 | | Chennamangallur HSS |
| 12 | | Ilahiya HSS, Kappaad |
| 13 | | Govt. Mappila HSS, Koyilandi |
| 14 | | Thiruvangoor HSS, Chemencheri |
| 15 | | Perambra HSS, Perambra, kozhikode |
| 16 | | SN trust HSS, Chelannur |
| 17 | | BTM HSS Thurayoor ( New application) |
| 18 | | Govt. HSS, Poonoor |
| 19 | | Govt. VHSS, Balussery |

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

# പുതിയതായി എസ്.പി.സി. യൂണിറ്റുകൾ സ്കൂളുകളിൽ ആരംഭിക്കുന്നതിന് വേണ്ട നിബന്ധനകൾ.

പുതിയതായി എസ്. പി. സി. യൂണിറ്റുകൾ സ്കൂളുകളിൽ ആരംഭിക്കുന്നതിന് വേണ്ട നിബന്ധനകൾ

1. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയെ സംബന്ധിച്ച സർക്കാർ ഉത്തരവ് നമ്പർ (പി) 121/2010/ആഭ്യന്തരം തിയ്യതി 29-05-2010 പ്രകാരമുള്ള എല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

2. ഗവൺമെന്റ് സ്കൂളുകൾക്കും, എയ്ഡഡ് സ്കൂളുകൾക്കും മാത്രമേ എസ്. പി. സി. പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ധന സഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. പ്രൈവറ്റ് സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കുന്നതിന് അതാത് സ്കൂൾ അധികാരികൾ ഫണ്ട് ലഭ്യമാക്കേണ്ടതാണ്.

3. സ്കൂളുകളിലെ ഒന്നു വീതം അധ്യാപിക. അധ്യാപകൻ എന്നിവരെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായി നിയമിക്കേണ്ടതാണ്.

4. സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ഓഫീസിൽ നിന്നും ലഭിക്കുന്ന ആക്റ്റിവിറ്റി കലണ്ടർ, ഡ്രിൽ മാന്വൽ, ഇൻഡോർ മാന്വൽ എന്നിവ പ്രകാരമായിരിക്കണം ഓരോ സ്കൂളിലേയും എസ്. പി. സി. യുടെ ദൈനംദിന പ്രവർത്തനങ്ങൾ.

5. എല്ലാ സ്കൂളുകളിലും എസ്. പി. സി. യൂണിറ്റിനായി അത്യാവശ്യ ഫർണിച്ചർ ഉൾപ്പെടെ ഒരു പ്രത്യേക ഓഫീസ് സജ്ജീകരിക്കേണ്ടതും എസ്.പി.സി. ഓഫീസിനോടനുബന്ധിച്ച് എസ്. പി. സി. കേഡറ്റുകൾക്ക് (ആൺ കുട്ടികൾക്കും, പെൺകുട്ടികൾക്കും) വസ്ത്രം മാറുന്നതിനും മറ്റുമായി പ്രത്യേകം മുറികൾ ഉണ്ടായിരിക്കേണ്ടതുമാണ്.

6. എസ്. പി. സി. കേഡറ്റുകളുടെ പരിശീലനത്തിന് മതിയായ സ്ഥല സൗകര്യം (മൈതാനം) ഓരോ സ്കൂളിലും ഉണ്ടായിരിക്കേണ്ടതാണ്.

7. എസ്. പി. സി. യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ചില സമയങ്ങളിൽ ഫണ്ട് മുൻകൂറായി സ്കൂൾ അധികൃതർ സ്വയം സംഘടിപ്പിക്കേണ്ടതായി വന്നേക്കാം അത്തരം സന്ദർഭങ്ങളിൽ ഫണ്ട് കണ്ടെത്തേണ്ട ചുമതല അതാത് സ്കൂൾ പി. റ്റി. എ ക്കായിരിക്കും.

8. ഓരോ സ്കൂളിലെയും എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളെ മാത്രമേ എസ്. പി. സി. പദ്ധതിയിലേക്ക് തിരഞ്ഞെടുക്കാവൂ. ഇവർ അടുത്ത വർഷവും (ഒൻപതാം ക്ലാസ്സ്) എസ്. പി. സി. പദ്ധതിയിൽ തുടരേണ്ടതാണ്.

9. എസ്.പി.സി യൂണിറ്റുകൾ അനുവദിക്കാനും, എസ്.പി.സി യൂണിറ്റ് അനുവദിച്ച സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തി യൂണിറ്റിന്റെ അംഗീകാരം നീക്കം ചെയ്യാനും ജില്ലാ ഉപദേശക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എസ്.പി.സി യുടെ സംസ്ഥാനതല ഉപദേശകസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

10. ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ ഒന്നിൽകൂടുതൽ സ്കൂളുകളിൽ ഇനി മുതൽ എസ്.പി.സി യൂണിറ്റ് അനുവദിക്കുന്നതല്ല. (സർക്കാർ/പ്രൈവറ്റ്)

11. എസ്.പി.സി പദ്ധതി ഏർപ്പെടുത്തുന്ന സ്കൂളുകളിൽ എട്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം 100 ൽ കുറയരുത്. കൂടാതെ എട്ടാം ക്ലാസ്സിൽ മാത്രം 22 ആൺ കുട്ടികളും 22 പെൺ കുട്ടികളും എസ്.പി.സി. പദ്ധതിയിൽ ചേരാൻ ഉണ്ടെങ്കിൽ മാത്രമെ സ്കൂളുകൾക്ക എസ്.പി.സി യൂണിറ്റ് അനുവദിക്കുകയുള്ളൂ. ആൺകുട്ടികൾ മാത്രമോ, പെൺകുട്ടികൾ മാത്രമോ ഉള്ള സ്കൂളുകളിൽ 44 പേർ എസ്.പി.സി. പദ്ധതിയിൽ നിർബന്ധമായും ഉണ്ടായരിക്കേണ്ടതാണ്. എട്ടിലേയും ഒമ്പതിലേയും കുട്ടികളെ കൂട്ടിക്കലർത്തി ഒരു എസ്.പി.സി യൂണിറ്റ് തുടങ്ങുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

12. ഓണം, ക്രിസ്തുമസ് അവധികാലങ്ങളിൽ നടക്കുന്ന എസ്.പി.സി. സ്കൂൾതല ക്യാമ്പുകളിലും, സംസ്ഥാനതലത്തിൽ നടത്തുന്ന വേനലവധി ക്യാമ്പുകളിലും ആവശ്യപ്പെടുന്ന അദ്ധ്യാപകരുടേയും, കേഡറ്റുകളുടേയും സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

13. സി. പി. ഒ മാർക്കും, എ. സി. പി. ഒ മാർക്കുമായി നടത്തുന്ന പരിശീലന ക്ലാസ്സുകളിൽ അവരെ പങ്കെടുപ്പിക്കുന്നതിന് സൗകര്യം ഉണ്ടാക്കേണ്ടതാണ്.

14. രണ്ട് മാസത്തിൽ ഒരു തവണ സ്കൂൾ തല ഉപദേശക സമിതി യോഗം നടത്തേണ്ടതാണ്.

15. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും, ബന്ധപ്പെട്ട സ്ഥലം എം. എൽ. എ./എം. പി. എന്നിവരിൽ നിന്നും എസ്. പി. സി. പദ്ധതിക്കായുള്ള ഫണ്ട് സ്വരൂപിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

16. കമ്മ്യൂണിക്കേഷൻ/റിപ്പോർട്ടുകൾ, അറ്റൻഡൻസ് മുതലായവ സമയബന്ധിതമായി നൽകാൻ ബാദ്ധ്യസ്ഥരായിരിക്കണം.

17. കമ്മ്യൂണിക്കേഷൻ/റിപ്പോർട്ടുകൾ, അറ്റൻഡൻസ് മുതലായവ സമയബന്ധിതമായി നൽകാൻ ബാദ്ധ്യസ്ഥരായിരിക്കണം.

<u>സത്യപ്രസ്താവന</u>

മുകളിൽ പറഞ്ഞ നിബന്ധനകളും കാലാകലങ്ങളിൽ ബന്ധപ്പെട്ടവർ നൽകുന്ന നിർദ്ദേശങ്ങളും പാലിക്കാൻ ഞങ്ങൾ തയ്യാറാണെന്ന് സത്യപ്രസ്താവന നടത്തുന്നു.

പി.ടി.എ പ്രസിഡണ്ട് ഹെഡ് മാസ്റ്റർ / പ്രിൻസിപ്പാൾ

---

സെക്ഷൻ ഓഫീസർ